# പാചകവാതകമുപയോഗിച്ച് പലഹാരങ്ങളുണ്ടാക്കുന്ന സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകം

### ബോംബെ ഹൈക്കോടതി

F.A. No. 292/2004 Dt. 22.1.2018

ഗണേഷ് ഭാന്ഡർ
x
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ

വിവിധതരം പലഹാരങ്ങളുണ്ടാക്കുന്ന സ്ഥാപനമാണ് തൊഴിലുടമ നടത്തുന്നത്. പലഹാരങ്ങൾ പാകം ചെയ്യുന്നത് പാചകവാതകം ഉപയോഗിച്ചാണ്. പലഹാര നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ ധാന്യങ്ങളും മറ്റും അരയ്ക്കുന്നതിന് വൈദ്യുതിയിൽ പ്രവർത്തിക്കുന്ന അരവ് യന്ത്രമാണ് ഉപയോഗിക്കുന്നത്. പാല്, മറ്റു പാനീയങ്ങൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നത് വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന റഫ്രിജറേറ്ററിലാണ്. അപ്രകാരമിരിക്കെ ഇ.എസ്.ഐ. ഇൻസ്പെക്ടർ സ്ഥാപനത്തിൽ പരിശോധനയ്ക്ക് വന്നു. ആ സമയം അവിടെ തൊഴിലുടമയുടെ ഒരു മകനാണ് ഉണ്ടായിരുന്നത്. 17 തൊഴിലാളികളുടെ പട്ടിക ആ മകൻ സ്വന്തം കയ്പടയിൽ തയ്യാറാക്കുകയും 17 തൊഴിലാളികളും വിരലടയാളം പതിക്കുകയും ചെയ്തു. തുടർന്ന് ഇ.എസ്.ഐ. ഇൻസ്പെക്ടർ മേലധികാരിക്ക് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്തി. തൊഴിലുടമയുടെ തടസ്സവാദങ്ങൾ തള്ളിയ ഇ.എസ്.ഐ. കോർപ്പറേഷൻ സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് പ്രഖ്യാപിക്കുകയും സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുകയും ചെയ്തു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ അപേക്ഷ നല്കി. സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്നു കണ്ട ഇൻഷുറൻസ് കോടതി സ്ഥാപനത്തിന്റെ അപേക്ഷ തള്ളിക്കളഞ്ഞു. തുടർന്ന് സ്ഥാപനം ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തങ്ങളുടെ സ്ഥാപനത്തിൽ ഏഴ് പേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂവെന്നും സ്ഥാപനം ഫാക്ടറിയല്ലെന്നും മേനേജ്മെന്റ് വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. വൈദ്യുതി, പാചകവാതകം എന്നീ ഊർജ്ജം ഉപയോഗിച്ച് പലഹാരമുണ്ടാക്കുന്നതിനാൽ സ്ഥാപനം ഫാക്ടറിയാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. 17 പേരുടെ പട്ടിക എഴുതി നല്കിയ, തൊഴിലുടമയുടെ മകൻ കോടതിയിൽ തെളിവ് നല്കാതിരുന്നതും മറ്റൊരു മകൻ സാക്ഷിയായതും മറ്റും സംശയാസ്പദമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി സ്ഥാപനത്തിന്റെ എതിർവാദങ്ങൾ തള്ളിക്കളയുകയും ഇൻഷുറൻസ് കോടതിയുടെ വിധിയും ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവും ശരിവക്കുകയും ചെയ്തു.